ഭരണഭാഷ — മാതൃഭാഷ

നമ്പർ. സി5/26829/റ്റി.സി/2013

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി, 03/12/2013.

പ്രേഷിതൻ,
ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — വാഹനങ്ങളിൽ "പ്രസ്സ്" സ്റ്റിക്കർ പതിക്കുന്നത് — സംബന്ധിച്ച്

സൂചന :- അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്, ഇന്റലിജൻസിന്റെ രഹസ്യ നിർദ്ദേശം.

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചനപ്രകാരമുള്ള കത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നത് മോട്ടോർ വാഹനങ്ങളിൽ "പ്രസ്സ്" എന്ന സ്റ്റിക്കർ പതിച്ച് വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്നാണ്. വാഹങ്ങളിൽ "പ്രസ്സ്" എന്ന സ്റ്റിക്കർ ഉപയോഗിക്കുന്നതിന് സർക്കാരോ, മോട്ടോർ വാഹന വകുപ്പോ അംഗീകാരം നൽകിയിട്ടില്ല. പത്ര മാദ്ധ്യമങ്ങളുമായി ബന്ധപ്പെട്ട അനുബന്ധ ജോലികൾ ചെയ്യുന്നവർ പ്രസ്സ് എന്ന് പ്രദർശിപ്പിക്കുന്നത് തടയണം. പത്ര മാദ്ധ്യമ പ്രസിദ്ധീകരണങ്ങൾ ഉൾനാടുകളിലേക്ക് കൊണ്ടുപോകുന്ന വാഹനങ്ങൾ ആ ജോലിക്കുശേഷവും "പ്രസ്സ്" എന്ന സ്റ്റിക്കർ പതിപ്പിക്കുന്നത് തടയണം. വാർത്താ ശേഖരണ / റിപ്പോർട്ടിംഗ് മേഖലയിലുള്ളവർ മാത്രം പ്രസ്സ് ഉപയോഗിച്ചാൽ മതിയാകും.

ഇക്കാര്യങ്ങൾ രഹസ്യമായി വീക്ഷിച്ച് നടപടികൾ സ്വീകരിക്കണമെന്നും ഇതിനാൽ നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,
ഒപ്പ്
സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്
13/12

എസ്.ആർ